**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

01.11.2019 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1655

## പുതിയ മുനിസിപ്പാലിറ്റികളുടെ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ടി.എ. റഹീം :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) & (ബി) | സംസ്ഥാനത്ത് പുതിയ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ രൂപീകരിക്കേണ്ട സാദ്ധ്യത പരിശോധിക്കാൻ നിയോഗിച്ച സമിതി പുതിയ നഗരസഭകൾ രൂപീകരിക്കേണ്ടതില്ലെന്ന് ശുപാർശ ചെയ്തു. ടി ശുപാർശ സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ പുതിയ നഗരസഭകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | നിലവിലുള്ള മുനിസിപ്പാലിറ്റികളുടെ അതിർത്തികൾ പുനർ നിർണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ ; | | |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുനിസിപ്പാലിറ്റികളിൽ അശാസ്ത്രീയമായി വിഭജിച്ച ഡിവിഷനുകളുടെ പുനക്രമീകരണത്തിന് നടപടി സ്വീകരിക്കുമോ; ജനസംഖ്യാനുപാതികമായി ഡിവിഷനുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | അശാസ്ത്രീയമായി വിഭജിച്ച ഡിവിഷനുകൾ പുനക്രമീകരിക്കുന്ന കാര്യം ഡീലിമിറ്റേഷൻ കമ്മീഷന്റെ പരിഗണനാവിഷയമാണ്. ഡിവിഷനുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. |

Pradeesh kumar

**സെക്ഷൻ ഓഫീസർ**